222

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ജനപ്രാതിനിദ്ധ്യ ആക്റ്റ്, 1950

## (1950-ലെ 43-ാം നമ്പർ ആക്റ്റ്)

(1950 മേയ് 12-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

വില :

222

കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ജനപ്രാതിനിധ്യ ആക്റ്റ്, 1950

## (1950-ലെ 43-ാം നമ്പർ ആക്റ്റ്)

(1950 മേയ് 12-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില :

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ജനപ്രാതിനിധ്യ ആക്റ്റ്, 1950

(1950-ലെ 43-ാം നമ്പർ ആക്റ്റ്)

(1950 മേയ് 12-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1977

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ജനപ്രാതിനിദ്ധ്യ ആക്റ്റ്, 1950

(1950-ലെ 43-ാം നമ്പർ)

ലോകസഭയിലും സ്റ്റേറ്റുകളിലെ നിയമനിർമ്മാണ മണ്ഡലങ്ങളിലും സ്ഥാനങ്ങൾ വിഭജിച്ചുകൊടുക്കുന്നതിനും, അവയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളുടെ ആവശ്യത്തിന് നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയത്തിനും, അങ്ങനെയുള്ള തിരഞ്ഞെടുപ്പുകളിലെ സമ്മതിദായകരുടെ യോഗ്യതകൾക്കും, തിരഞ്ഞെടുപ്പുപട്ടികകൾ തയ്യാറാക്കുന്നതിനും രാജ്യസഭയിലെ സ്ഥാനങ്ങൾ യൂണിയൻ രാജ്യക്ഷേത്രങ്ങളിലെ പ്രതിനിധികളാൽ പൂരിപ്പിക്കപ്പെടേണ്ട രീതിക്കും, അവയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്.

[1950 മേയ്, 12]

പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

## ഭാഗം I

## പ്രാരംഭികം

1. ചുരുക്കപ്പേര്.— ഈ ആക്റ്റിന്, ജനപ്രാതിനിദ്ധ്യ ആക്റ്റ്, 1950 എന്നു പേർ പറയാവുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അനുച്ഛേദ"ത്തിന്, ഭരണഘടനയിലെ അനുച്ഛേദമെന്ന് അർത്ഥമാകുന്നു;

(ഖ) "നിയമസഭാനിയോജകമണ്ഡല"ത്തിന്, ഒരു സ്റ്റേററിലെ നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളുടെ ആവശ്യത്തിന് നിയമം വ്യവസ്ഥചെയ്യുന്ന നിയോജകമണ്ഡലം എന്നർത്ഥമാകുന്നു;

(ഗ) "നിയമസമിതി നിയോജകമണ്ഡല"ത്തിന്, ഒരു സ്റ്റേററിലെ നിയമസമിതിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളുടെ ആവശ്യത്തിന് നിയമം വ്യവസ്ഥചെയ്യുന്ന നിയോജകമണ്ഡലം എന്നർത്ഥമാകുന്നു;

(ഘ) "തിരഞ്ഞെടുപ്പു കമ്മിഷ"ന്, രാഷ്ട്രപതി 324-ാം അനുച്ഛേദത്തിൻകീഴിൽ നിയമിക്കുന്ന തിരഞ്ഞെടുപ്പു കമ്മിഷൻ എന്നർത്ഥമാകുന്നു;

(ങ) "ഉത്തരവി"ന്, ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവ് എന്നർത്ഥമാകുന്നു;

(ഛ) ''പാർലമെൻറ് നിയോജകമണ്ഡല''ത്തിന്, ലോകസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളുടെ ആവശ്യത്തിന് നിയമം വ്യവസ്ഥചെയ്യുന്ന നിയോജകമണ്ഡലം എന്നർത്ഥമാകുന്നു;

(ഛ) ''ആളി''ൽ, ആളുകളുടെ നികായം ഉൾപ്പെടുന്നതല്ല;

(ജ) ''നിർണ്ണയിക്കപ്പെടുന്ന'' എന്നതിന്, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു;

(ഝ) ''സ്റേററി''ൽ, (സ്വയം ഭരണാധികാരമുള്ള സ്റേററായ മേഘാലയയും) യൂണിയൻ രാജ്യക്ഷേത്രം ഉൾപ്പെടുന്നു;

(ഞ) ''സ്റേററ്ഗവൺമെൻറി''ന്, ഒരു യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച്, അതിൻെറ ഭരണകർത്താവ് എന്നർത്ഥമാകുന്നു.

ഭാഗം II

## സ്ഥാനങ്ങൾ വിഭജിച്ചുകൊടുക്കലും നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയവും

### ലോകസഭ

3. ലോകസഭയിൽ സ്ഥാനങ്ങൾ വിഭജിച്ചുകൊടുക്കൽ.— ലോകസഭയിൽ സ്റേററുകൾക്ക് സ്ഥാനങ്ങൾ വിഭജിച്ചുകൊടുക്കുന്നതും, ഓരോ സ്റേററിലേയും പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും സംവരണം ചെയ്യേണ്ട സ്ഥാനങ്ങൾ, വല്ലതും ഉണ്ടെങ്കിൽ, അവയുടെ എണ്ണവും, ഒന്നാം പട്ടികയിൽ കാണിച്ചതുപോലെ ആയിരിക്കേണ്ടതാകുന്നു.

4. ലോകസഭയിലെ സ്ഥാനങ്ങൾ പൂരിപ്പിക്കുന്നതും പാർലമെൻറ് നിയോജകമണ്ഡലങ്ങളും.—(1) [വിട്ടുകളയപ്പെട്ടു].

(2) 3-ാം വകുപ്പിൻകീഴിൽ സ്റേററുകൾക്കായി തിരിച്ചുവച്ചിട്ടുള്ള ലോകസഭയിലെ എല്ലാ സ്ഥാനങ്ങളും സ്റേററുകളിലെ പാർലമെൻറ് നിയോജകമണ്ഡലങ്ങളിൽനിന്ന് നേരിട്ടുള്ള തിരഞ്ഞെടുപ്പുവഴി വരണംചെയ്യപ്പെടുന്ന ആളുകളാൽ പൂരിപ്പിക്കപ്പെടേണ്ട സ്ഥാനങ്ങൾ ആയിരിക്കേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതൊരു പാർലമെൻറ് നിയോജകമണ്ഡലവും, ഏകാംഗ നിയോജകമണ്ഡലമായിരിക്കേണ്ടതാകുന്നു.

(4) ഏതു സ്റേററിനാണോ (3)-ാം വകുപ്പിൻകീഴിൽ ഒരൊററ സ്ഥാനം മാത്രം തിരിച്ചുവച്ചിട്ടുള്ളത്, അങ്ങനെയുള്ള ഏതൊരു സ്റേററും, ഒരൊററ പാർലമെൻറ് നിയോജകമണ്ഡലമായിരിക്കുന്നതാണ്.

(5) (4)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള വിധമൊഴികെ, ഹരിയാന, പഞ്ചാബ്, ഹിമാചൽപ്രദേശ് എന്നീ സ്റേററുകളിൽ ഓരോന്നിലേയും എല്ലാ പാർലമെൻറ് നിയോജകമണ്ഡലങ്ങളുടേയും വ്യാപ്തി, പഞ്ചാബ് പുനഃസംഘടന ആക്ററ്, 1966 (1966-ലെ 31)-ലെ വ്യവസ്ഥകൾക്കുകീഴിൽ, അതിർത്തി നിർണ്ണയകമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവിനാൽ നിശ്ചയിക്കപ്പെടുന്നതുപോലെ ആയിരിക്കുന്നതും, മററെല്ലാ പാർലമെൻറ് നിയോജകമണ്ഡലങ്ങളുടേയും വ്യാപ്തി, അതതുസംഗതിപോലെ, അതിർത്തിനിർണ്ണയകമ്മീഷൻ ആക്ററ്, 1962 (1962-ലെ 61)-ലെ വ്യവസ്ഥകൾക്കുകീഴിലോ അല്ലെങ്കിൽ, യൂണിയൻ രാജ്യക്ഷേത്ര ഗവൺമെൻറ് ആക്ററ്,

1963 (1963-ലെ 20)-ലെ വ്യവസ്ഥകൾക്കുകീഴിലോ അതിർത്തിനിർണ്ണയക്കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളാൽ നിശ്ചയിക്കപ്പെടുന്നതുപോലെ ആയിരിക്കുന്നതും ആകുന്നു.

5. [പാർലമെൻറ് നിയോജകമണ്ഡലങ്ങൾ] ജനപ്രാതിനിദ്ധ്യ (ഭേദഗതി) ആക്ററ്, 1956 (1956-ലെ 2) 4-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

6. [പാർലമെൻറ് നിയോജക മണ്ഡലങ്ങളുടെ അതിർത്തിനിർണ്ണയം] 1956-ലെ നിയമങ്ങളുടെ അനുയോജന ആർഡർ (1956-ലെ 2) അനുസരിച്ച് റദ്ദാക്കപ്പെട്ടു.

## സ്റേററ് നിയമസഭകൾ

7. നിയമസഭകളിലെ ആകെ സ്ഥാനങ്ങളുടെ എണ്ണവും നിയമസഭാ നിയോജകമണ്ഡലങ്ങളും.—(1) രണ്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഓരോ സ്റേററിൻേറയും നിയമസഭയിൽ നിയമസഭാ നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ടുള്ള തിരഞ്ഞെടുപ്പുവഴി വരണം ചെയ്യപ്പെടുന്ന ആളുകളാൽ പൂരിപ്പിക്കപ്പെടേണ്ട ആകെ സ്ഥാനങ്ങളുടെ എണ്ണവും, ആ സ്റേററിലെ പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങൾ, വല്ലതുമുണ്ടെങ്കിൽ, അവയുടെ എണ്ണവും ആ പട്ടികയിൽ കാണിച്ചതുപോലെ ആയിരിക്കേണ്ടതാകുന്നു:

എന്നാൽ,371 ക അനുച്ഛേദത്തിലെ(2)-ാം ഖണ്ഡത്തിൽ പരാമർശിച്ച കാലത്തേക്ക്, നാഗാലാൻഡ് സ്റേററിൻെറ നിയമസഭയിലേക്ക് തിരിച്ചുവച്ചിട്ടുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണം അൻപത്തിരണ്ട് ആയിരിക്കേണ്ടതും, അതിൽ—

(ക) ററ്യൂൻസാംങ് ജില്ലയ്ക്കു പന്ത്രണ്ട് സ്ഥാനങ്ങൾ തിരിച്ചുവയ്ക്കേണ്ടതും, ആ അനുച്ഛേദത്തിൽ പരാമർശിച്ച പ്രാദേശിക സമിതിയിലെ അംഗങ്ങൾ, തങ്ങളുടെ ഇടയിൽ നിന്നു തന്നെ, ഗവർണ്ണർ ആ സമിതിയുമായി ആലോചിച്ചതിനുശേഷം, ഔദ്യോഗിക ഗസററിലെ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്ന രീതിയിൽ വരണം ചെയ്യുന്ന ആളുകളാൽ പൂരിപ്പിക്കപ്പെടേണ്ടതും,

(ഖ) ബാക്കിയുള്ള നാല്പതുസ്ഥാനങ്ങൾ, ബാക്കി സ്റേററിലെ നിയമസഭാനിയോജകമണ്ഡലങ്ങളിൽ നിന്ന്, നേരിട്ടുള്ള തിരഞ്ഞെടുപ്പുവഴി വരണം ചെയ്യുന്ന ആളുകളാൽ പൂരിപ്പിക്കപ്പെടേണ്ടതും,

ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതൊരു നിയമസഭാമണ്ഡലവും ഏകാംഗമണ്ഡലമായിരിക്കേണ്ടതാകുന്നു.

(3) നാഗാലാൻഡ് സ്റേററിലെ ഓരോ നിയമസഭാ നിയോജകമണ്ഡലത്തിൻേറയും വ്യാപ്തി, നാഗാലാൻഡ് സ്റേററ് ആക്ററ്, 1962 (1962-ലെ 27)-ലെ വ്യവസ്ഥകൾക്കു കീഴിൽ തിരഞ്ഞെടുപ്പു കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവു വഴി നിശ്ചയിക്കപ്പെടുന്നതുപോലെ ആയിരിക്കുന്നതും, ഹരിയാന, പഞ്ചാബ്, ഹിമാചൽപ്രദേശ് എന്നീ സ്റേററുകളിൽ ഓരോന്നിൻേറയും ഓരോ അസംബ്ലി നിയോജകമണ്ഡലത്തിൻേറയും വ്യാപ്തി, പഞ്ചാബ് പുനഃസംഘടന ആക്ററ്, 1966 (1966-ലെ 31)-ലെ വ്യവസ്ഥകൾക്കു കീഴിൽ, അതിർത്തി നിർണ്ണയക്കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുവഴി, നിശ്ചയിക്കപ്പെടുന്നതുപോലെ ആയിരിക്കുന്നതും, മറേറതെങ്കിലും സ്റേററിലെ ഓരോ നിയമസഭാ നിയോജകമണ്ഡലത്തിൻേറയും വ്യാപ്തി, അതതുസംഗതിപോലെ അതിർത്തിനിർണ്ണയക്കമ്മീഷൻ ആക്ററ്, 1962 (1962-ലെ 61)-ലെ വ്യവസ്ഥകൾക്കു കീഴിലോ അല്ലെങ്കിൽ യൂണിയൻ രാജ്യക്ഷേത്ര ഗവൺമെൻറ് ആക്ററ്,

1963 (1963-ലെ 20)-ലെ വ്യവസ്ഥകരംക്കു കീഴിൽ ആ അതിർത്തി നിർണ്ണയ ക്കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുവഴി നിശ്ചയിക്കപ്പെടുന്നതുപോലെ ആയിരിക്കുന്നതും ആണ്.

## പാർലമെൻറിൻേറയും നിയമസഭയുടേയും നിയോജകമണ്ഡല ങ്ങളുടെ അതിർത്തിനിർണ്ണയ ആർഡർ

8. അതിർത്തിനിർണ്ണയ ഉത്തരവുകരം സഞ്ചയിക്കൽ.—(1) അതതുസംഗതി പോലെ, അതിർത്തിനിർണ്ണയക്കമ്മീഷനോ തിരഞ്ഞെടുപ്പു കമ്മീഷനോ പാർലമെൻറ് നിയോജകമണ്ഡലങ്ങളുടേയും നിയമസഭാ നിയോജകമണ്ഡലങ്ങളുടേയും അതിർത്തിനിർണ്ണയം സംബന്ധിച്ചുള്ള 4-ാം വകുപ്പ് (5)-ാം ഉപവകുപ്പിലോ 7-ാം വകുപ്പ് (3) -ാം ഉപവകുപ്പിലോ പരാമർശിച്ച എല്ലാ ഉത്തരവുകളും പുറപ്പെടുവിക്കുകയും, അവ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തതിനുശേഷം, ആകുന്നത്ര വേഗത്തിൽ തിരഞ്ഞെടുപ്പു കമ്മീഷൻ, പാർലമെൻറ് നിയോജകമണ്ഡലങ്ങളുടേയും നിയമസഭാ നിയോജകമണ്ഡലങ്ങളുടേയും അങ്ങനെയുള്ള ഉത്തരവുകളിൽ കൊടുത്തതുപോലെയുള്ള വ്യാപ്തിയുടെ വിവരണം നാളതുവരെയ്ക്ക് ശരിയാക്കാൻ ആവശ്യകമെന്ന് തോന്നുന്ന ഭേദഗതികരം ഉണ്ടാക്കിയതിനുശേഷം, അങ്ങനെയുള്ള എല്ലാ ഉത്തരവുകളും, പാർലമെൻറ് നിയോജകമണ്ഡലങ്ങളുടേയും നിയമസഭാ നിയോജകമണ്ഡലങ്ങളുടേയും അതിർത്തി നിർണ്ണയ ആർഡർ, 1966 എന്ന് അറിയപ്പെടേണ്ട ഒരൊററ ഉത്തരവായി സഞ്ചയിക്കേണ്ടതും, ആ ആർഡറിൻെറ പ്രമാണീകൃതപകർപ്പുകരം കേന്ദ്ര ഗവൺമെൻറിനും, നിയമസഭയുള്ള ഓരോ സ്റേററിൻേറയും ഗവൺമെൻറിനും അയച്ചുകൊടുക്കേണ്ടതും; അതോടെ, ആ ആർഡർ 4-ാം വകുപ്പ് (5)-ാം ഉപവകുപ്പിലോ 7-ാം വകുപ്പ് (3)-ാം ഉപവകുപ്പിലോ പരാമർശിച്ച എല്ലാ ഉത്തരവുകളേയും അതിലംഘിക്കുന്നതും, അതിന് നിയമത്തിൻെറ പ്രാബല്യമുണ്ടായിരിക്കുന്നതും, ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതും ആകുന്നു.

(2) മുൻപറഞ്ഞ ഉത്തരവ് കേന്ദ്ര ഗവൺമെൻറിനോ ഒരു സ്റേററ് ഗവൺമെൻറിനോ കിട്ടിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, ആ ഗവൺമെൻറ്, അത് അതതുസംഗതിപോലെ, ലോകസഭയുടേയോ സ്റേററു നിയമസഭയുടേയോ മുമ്പാകെ വയ്പിക്കേണ്ടതാകുന്നു.

9. അതിർത്തിനിർണ്ണയ ആർഡർ നാളതുവരെയ്ക്ക് ശരിയാക്കി വച്ചു പോരാൻ തിരഞ്ഞെടുപ്പു കമ്മീഷനുള്ള അധികാരം.—(1) തിരഞ്ഞെടുപ്പു കമ്മീഷന് അപ്പോഴപ്പോരം ഇൻഡ്യാഗസററിലും ബന്ധപ്പെട്ട സ്റേററിലെ ഔദ്യോഗിക ഗസററിലും പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനംവഴി,—

(ക) പാർലമെൻറ് നിയോജകമണ്ഡലങ്ങളുടേയും നിയമസഭാ നിയോജകമണ്ഡലങ്ങളുടേയും അതിർത്തിനിർണ്ണയ ആർഡർ, 1966-ലെ ഏതെങ്കിലും അച്ചടിത്തെററോ, അല്ലെങ്കിൽ അശ്രദ്ധയാലുള്ള കൈത്തെററിൽ നിന്നോ വിട്ടുകളയലിൽ നിന്നോ, ഉണ്ടാകുന്ന ഏതെങ്കിലും പിശകോ തിരുത്തുകയും ;

(ഖ) ആ ആർഡറിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ജില്ലയുടേയോ ഏതെങ്കിലും രാജ്യക്ഷേത്ര വിഭാഗത്തിൻേറയോ അതിർത്തികളോ പേരോ വ്യത്യാസപ്പെടുന്നിടത്ത്, ആ ആർഡർ നാളതുവരെയ്ക്കു ശരിയാക്കാൻ ആവശ്യകമോ സമീചീനമോ ആണെന്ന് തോന്നുന്ന ഭേദഗതികരം ഉണ്ടാക്കുകയും,

ചെയ്യാവുന്നതാണ്.

(2) ഈ വകുപ്പിൻ കീഴിലെ ഏതൊരു വിജ്ഞാപനവും, അതു പുറപ്പെടുവിച്ചതിനുശേഷം ആകുന്നത്ര വേഗത്തിൽ, ലോകസഭയുടേയും ബന്ധപ്പെട്ട സ്റ്റേറ്റിലെ നിയമസഭയുടേയും മുമ്പാകെ വയ്ക്കപ്പെടേണ്ടതാകുന്നു.

## സ്റ്റേറ്റ് നിയമസമിതികൾ

10. നിയമസമിതികളിൽ സ്ഥാനങ്ങൾ വിഭജിച്ചുകൊടുക്കൽ.—(1) നിയമസമിതികൾ ഉള്ള സ്റ്റേറ്റുകളിലെ നിയമസമിതികളിലെ സ്ഥാനങ്ങൾ വിഭജിച്ചു കൊടുക്കുന്നത് മൂന്നാം പട്ടികയിൽ കാണിച്ചതുപോലെ ആയിരിക്കേണ്ടതാണ്.

(2) മൂന്നാം പട്ടികയിലെ ഒന്നാം കാളത്തിൽ വിനിർദ്ദേശിക്കുന്ന ഓരോ സ്റ്റേറ്റിലേയും നിയമസമിതിയിൽ അതിലെ രണ്ടാം കാളത്തിൽ ആ സ്റ്റേറ്റിനുനേരെ വിനിർദ്ദേശിക്കുന്ന എണ്ണം സ്ഥാനങ്ങൾ ഉണ്ടായിരിക്കേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങളിൽ,—

(ക) മൂന്നും നാലും അഞ്ചും കാളങ്ങളിൽ വിനിർദ്ദേശിക്കുന്ന എണ്ണങ്ങൾ യഥാക്രമം 171-ാം അനുച്ഛേദത്തിലെ (3)-ാം ഖണ്ഡം (ക) (ഖ) (ഗ) എന്നീ ഉപഖണ്ഡങ്ങളിൽ പരാമർശിക്കുന്ന നിയോജക സംഘങ്ങളാൽ തിരഞ്ഞെടുക്കുന്ന ആളുകളാൽ പൂരിപ്പിക്കപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണങ്ങൾ ആയിരിക്കുന്നതും;

(ഖ) ആറാം കാളത്തിൽ വിനിർദ്ദേശിക്കുന്ന എണ്ണം, ആ സ്റ്റേറ്റിലെ നിയമ സഭയിലെ അംഗങ്ങൾ, ആ സഭയിലെ അംഗങ്ങളല്ലാത്ത ആളുകളുടെ ഇടയിൽനിന്ന്, തിരഞ്ഞെടുക്കുന്ന ആളുകളാൽ പൂരിപ്പിക്കപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണമായിരിക്കുന്നതും;

(ഗ) ഏഴാം കാളത്തിൽ വിനിർദ്ദേശിക്കുന്ന എണ്ണം, 171-ാം അനുച്ഛേദത്തിലെ (5,-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്കനുസൃതമായി, ആ സ്റ്റേറ്റിലെ ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന ആളുകളാൽ പൂരിപ്പിക്കപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണമായിരിക്കുന്നതും,

ആകുന്നു.

* * * * * * *

11. നിയമ സമിതി നിയോജക മണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയം.—ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, ആകുന്നത്ര വേഗത്തിൽ, രാഷ്ട്രപതി ഉത്തരവുവഴി,—

(ക) നിയമ സമിതിയുള്ള ഓരോ സ്റ്റേറ്റിനേയും, ആ സമിതിയിലേക്കുള്ള 171-ാം അനുച്ഛേദത്തിലെ (3)-ാം ഖണ്ഡം (ക) (ഖ) (ഗ) എന്നീ ഉപഖണ്ഡങ്ങളിൽ ഓരോന്നിനും കീഴിലെ തിരഞ്ഞെടുപ്പുകളുടെ ആവശ്യത്തിനായി വിഭജിക്കേണ്ട നിയോജക മണ്ഡലങ്ങളും;

(ഖ) ഓരോ നിയോജക മണ്ഡലത്തിന്റേയും വ്യാപ്തിയും;

(ഗ) ഓരോ നിയോജക മണ്ഡലത്തിനും തിരിച്ചു വച്ചിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും;

നിശ്ചയിക്കേണ്ടതാകുന്നു.

## നിയോജക മണ്ഡലങ്ങളുടെ അതിർത്തിനിർണ്ണയം ചെയ്യുന്ന ഉത്തരവുകളെ സംബന്ധിച്ച വ്യവസ്ഥകഠം

12. ഉത്തരവുകഠം വ്യത്യാസപ്പെടുത്താനോ ഭേദഗതി ചെയ്യാനോ ഉള്ള അധികാരം.—(1) രാഷ്ട്രപതിക്ക്, തിരഞ്ഞെടുപ്പു കമ്മീഷനുമായി ആലോചിച്ചതിനുശേഷം, അപ്പോഴപ്പോഠം ഉത്തരവു വഴി, 11-ാം വകുപ്പിൻ കീഴിൽ താൻ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും, വ്യത്യാസപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവിൽ, ആ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തൊട്ടു മുമ്പു ഏതെങ്കിലും നിയമസമിതി നിയോജക മണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്ന ഏതെങ്കിലും അംഗത്തെ, ആ ഉത്തരവ് പുതുതായി അതിർത്തി നിർണ്ണയം ചെയ്യുന്നതോ, വ്യത്യാസപ്പെടുത്തുന്നതോ, ആയ ഏതെങ്കിലും നിയോജക മണ്ഡലത്തിലേയ്ക്ക് തിരിച്ചുവയ്ക്കുന്നതിനും, ആവശ്യകമെന്നു രാഷ്ട്രപതി കരുതുന്ന മററു ആനുഷംഗികമായതും അനന്തരഫലമായുണ്ടാകുന്നതുമായ വിഷയങ്ങഠംക്കും ഉള്ള വ്യവസ്ഥകഠം അടങ്ങിയിരിക്കാവുന്നതാണ്.

13. നിയോജക മണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്ന ഉത്തരവുകഠം സംബന്ധിച്ച നടപടിക്രമം.— * * * *

(3) 11-ാം വകുപ്പിനോ 12-ാം വകുപ്പിനോ കീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും, അതു പുറപ്പെടുവിച്ചതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് മുമ്പാകെ വയ്ക്കേണ്ടതും, അത് അങ്ങനെ വച്ച തീയതി മുതൽ ഇരുപതു ദിവസത്തിനുള്ളിൽ കൊണ്ടു വരുന്ന ഒരു ഉപക്ഷേപത്തിൻമേൽ പാർലമെൻറ് ചെയ്യാവുന്ന രൂപഭേദങ്ങഠംക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

### ഭാഗം II ക

### ഉദ്യോഗസ്ഥൻമാർ

13ക. മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർ.—(1) ഓരോ സ്റേററിനും ഒരു മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കേണ്ടതും, അയാഠം, തിരഞ്ഞെടുപ്പു കമ്മീഷൻ ആ ഗവൺമെൻറുമായി ആലോചിച്ച് ഇതിലേയ്ക്ക് സ്ഥാനനിർദ്ദേശം ചെയ്യുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്ന ഗവൺമെൻറ് ഉദ്യോഗസ്ഥനായിരിക്കേണ്ടതും ആകുന്നു.

(2) തിരഞ്ഞെടുപ്പു കമ്മീഷൻെറ മേലന്വേഷണത്തിനും മാർഗ്ഗ നിർദ്ദേശനത്തിനും നിയന്ത്രണത്തിനും വിധേയമായി, മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഈ ആക്ററിൻ കീഴിൽ സ്റേററിലെ എല്ലാ തിരഞ്ഞെടുപ്പു പട്ടികകളുടേയും തയ്യാറാക്കലിൻേറയും, പുതുക്കലിൻേറയും തിരുത്തലിൻേറയും മേൽനോട്ടം വഹിക്കേണ്ടതാകുന്നു.

13കക. ജില്ലാ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥൻമാർ.—(1) തിരഞ്ഞെടുപ്പു കമ്മീഷൻ, യൂണിയൻ രാജ്യക്ഷേത്രം അല്ലാത്ത ഒരു സ്റേററിലെ ഓരോ ജില്ലയ്ക്കും ആ സ്റേററിലെ ഗവൺമെൻറുമായി ആലോചിച്ച് ഒരു ജില്ലാ

തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥനെ സ്ഥാനനിർദ്ദേശം ചെയ്യുകയോ നാമ നിർ
ദ്ദേശം ചെയ്യുകയോ ചെയ്യേണ്ടതും, അയാാം ഗവൺമെൻറ് ഉദ്യോഗസ്ഥനായി
രിക്കേണ്ടതും ആകുന്നു:

എന്നാൽ, ഉദ്യോഗത്തിൻെറ ചുമതലകൾ ഒരൊററ ഉദ്യോഗസ്ഥനാൽ തൃപ്തി
കരമായി നിർവ്വഹിക്കപ്പെടാൻ കഴിയുകയില്ലെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ
തിരഞ്ഞെടുപ്പു കമ്മീഷന് ഒരു ജില്ലയിലേക്ക് അങ്ങനെയുള്ള ഒന്നിലധികം
ഉദ്യോഗസ്ഥൻമാരെ സ്ഥാനനിർദ്ദേശം ചെയ്യുകയോ നാമനിർദ്ദേശം ചെയ്യു
കയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻെറ പരിമിതി വ്യവസ്ഥയ്ക്കു കീഴിൽ ഒരു
ജില്ലക്ക് ഒന്നിലധികം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാരെ സ്ഥാന
നിർദ്ദേശം ചെയ്യുകയോ നാമ നിർദ്ദേശം ചെയ്യുകയോ ചെയ്യുന്നിടത്ത്, ജില്ലാ
തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാരെ സ്ഥാന നിർദ്ദേശം ചെയ്യുകയോ നാമ
നിർദ്ദേശം ചെയ്യുകയോ ചെയ്യുന്ന ഉത്തരവിൽ തിരഞ്ഞെടുപ്പു കമ്മീഷൻ അങ്ങ
നെയുള്ള ഓരോ ഉദ്യോഗസ്ഥനും അധികാരിത പ്രയോഗിക്കേണ്ടത് ഏതു
പ്രദേശം സംബന്ധിച്ചാണോ, ആ പ്രദേശം വിനിർദ്ദേശിക്കുകയും ചെയ്യേണ്ട
താകുന്നു.

(3) മുഖ്യ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥൻെറ മേലന്വേഷണത്തിനും,
മാർഗ്ഗ നിദേശനത്തിനും, നിയന്ത്രണത്തിനും വിധേയമായി ജില്ലാ തിരഞ്ഞെ
ടുപ്പു ഉദ്യോഗസ്ഥൻ, ജില്ലയിലെ എല്ലാ പാർലമെൻറ് നിയോജകമണ്ഡല
ങ്ങളിലേയ്ക്കും നിയമ സഭാ നിയോജക മണ്ഡലങ്ങളിലേയ്ക്കും നിയമ
സമിതി നിയോജക മണ്ഡലങ്ങളിലേയ്ക്കും ഉള്ള തിരഞ്ഞെടുപ്പു പട്ടിക
കളുടെ തയ്യാറാക്കലും പുതുക്കലും സംബന്ധിച്ചുള്ള ആ ജില്ലയിലേയോ
തൻെറ അധികാരിതയ്ക്കുള്ളിലുള്ള പ്രദേശത്തിലേയോ എല്ലാ പ്രവൃത്തിയും
ഏകോപിപ്പിക്കുകയും അതിൻെറ മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

(4) ജില്ലാതിരഞ്ഞെടുപ്പു ഉദ്യോഗസ്ഥൻ, തിരഞ്ഞെടുപ്പു കമ്മിഷനും,
മുഖ്യ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥനും, തന്നെ ഭരമേല്പിക്കുന്ന മററു ചുമതല
കൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

13ഖ. തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻമാർ.—(1) ജമ്മു-കാശ്
മീർ സ്റേററിലേയോ, നിയമസഭ ഇല്ലാത്ത ഒരു യൂണിയൻ രാജ്യക്ഷേത്രത്തി
ലേയോ, ഓരോ പാർലമെൻറ് നിയോജക മണ്ഡലത്തിനും ഓരോ നിയമസഭാ
നിയോജക മണ്ഡലത്തിനും, ഓരോ നിയമസമിതി നിയോജക മണ്ഡല
ത്തിനും ഉള്ള തിരഞ്ഞെടുപ്പു പട്ടിക, ഒരു തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ
ഉദ്യോഗസ്ഥനാൽ തയ്യാറാക്കപ്പെടുകയും പുതുക്കപ്പെടുകയും ചെയ്യേണ്ടതും,
അയാാം, തിരഞ്ഞെടുപ്പുകമ്മിഷൻ ആ നിയോജക മണ്ഡലം സ്ഥിതിചെയ്യുന്ന
സ്റേററിലെ ഗവൺമെൻറുമായി ആലോചിച്ച്, ഇതിലേയ്ക്കായി സ്ഥാന
നിർദ്ദേശം ചെയ്യുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്ന ഗവൺമെൻറ്
ഉദ്യോഗസ്ഥനോ തദ്ദേശാധികാര സ്ഥാന ഉദ്യോഗസ്ഥനോ ആയിരിക്കേണ്ട
തുമാകുന്നു

(2) തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്", നിർണ്ണയിക്കപ്പെടുന്ന
ഏതെങ്കിലും പരിമിതികൾക്ക് വിധേയമായി, നിയോജകമണ്ഡലത്തിലേ
ക്കുള്ള തിരഞ്ഞെടുപ്പു പട്ടിക തയ്യാറാക്കുകയും പുതുക്കുകയും ചെയ്യുന്നതിന്
യുക്തമെന്നുതോന്നുന്ന ആളുകളെ നിയോജിക്കാവുന്നതാണ്.

13ഗ. അസിസ്ററൻറ് തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻമാർ.—
(1) ഏതെങ്കിലും തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥനെ അയാളുടെ

ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായിക്കുന്നതിനായി തിരഞ്ഞെടുപ്പു കമ്മിഷന്, ഒന്നോ അതിലധികമോ ആളുകളെ അസിസ്റ്റൻറ് തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻമാരായി നിയമിക്കാവുന്നതാണ്.

(2) ഏതൊരു അസിസ്റ്റൻറ് തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥനും, തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻെറ നിയന്ത്രണത്തിന് വിധേയമായി, തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻെറ എല്ലാ ചുമതലകളുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കുവാൻ ക്ഷമത ഉണ്ടായിരിക്കുന്നതാണ്.

ഭാഗം II ഖ

## പാർലമെൻറ് നിയോജകമണ്ഡലങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പു പട്ടികകൾ

13ഘ. പാർലമെൻറ് നിയോജകമണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പു പട്ടികകൾ.—(1) ജമ്മു-കാശ്മീർ സ്റേററിലേയോ, നിയമസഭ ഇല്ലാത്ത ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലേയോ പാർലമെൻറ് നിയോജകമണ്ഡലമല്ലാത്ത ഏതൊരു പാർലമെൻറ് നിയോജകമണ്ഡലത്തിലുമുള്ള തിരഞ്ഞെടുപ്പു പട്ടിക, ആ പാർലമെൻറ് നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന എല്ലാ നിയമസഭാനിയോജകമണ്ഡലങ്ങളിലേക്കുമുള്ള തിരഞ്ഞെടുപ്പു പട്ടികകൾ അടങ്ങിയതായിരിക്കേണ്ടതും; അങ്ങനെയുള്ള ഏതെങ്കിലും പാർലമെൻറ് നിയോജകമണ്ഡലത്തിനുള്ള തിരഞ്ഞെടുപ്പു പട്ടിക വേറെ തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതും ആകുന്നു:

എന്നാൽ, 371ക അനുച്ഛേദം, (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള കാലത്തേയ്ക്ക്, നാഗാലാൻഡ് പാർലമെൻറ് നിയോജക മണ്ഡലത്തിലെ ററ്യുൻസാംങ് ജില്ല ഉൾക്കൊള്ളുന്ന ഭാഗത്തിനുള്ള തിരഞ്ഞെടുപ്പു പട്ടിക വേറെ തയ്യാറാക്കുകയും പുതുക്കുകയും ചെയ്യുന്നത് ആവശ്യകമായിരിക്കുന്നതും, ആ ഭാഗത്തിൻെറ തിരഞ്ഞെടുപ്പു പട്ടിക തയ്യാറാക്കുകയും പുതുക്കുകയും ചെയ്യുന്നതുസംബന്ധിച്ച്, III-ാം ഭാഗത്തിലെ വ്യവസ്ഥകൾ, അവ ഒരു നിയമസഭാ നിയോജകമണ്ഡലത്തെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതും ആണ്.

(2) ജമ്മു-കാശ്മീരിലേയോ നിയമസഭ ഇല്ലാത്ത ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലെയോ ഏതൊരു പാർലമെൻറ് നിയോജകമണ്ഡലത്തേയും സംബന്ധിച്ച് III-ാം ഭാഗത്തിലെ വ്യവസ്ഥകൾ അവ ഒരു നിയമസഭാനിയോജകമണ്ഡലത്തെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

ഭാഗം III

## നിയമസഭാ നിയോജക മണ്ഡലങ്ങൾക്കുള്ള തിരഞ്ഞെടുപ്പു പട്ടികകൾ

14. നിർവ്വചനങ്ങൾ.—ഈ ഭാഗത്തിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "നിയോജകമണ്ഡല" ത്തിന് നിയമസഭാ നിയോജകമണ്ഡലം എന്നർത്ഥമാകുന്നു;

(ഖ) "യോഗ്യത കണക്കാക്കുന്ന തീയതി"യ്ക്കു ഈ ഭാഗത്തിൻകീഴിൽ ഏതു തിരഞ്ഞെടുപ്പു പട്ടികയും തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്യുന്നതു സംബന്ധിച്ച്, അത് അങ്ങനെ തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്യുന്ന വർഷത്തിലെ ജനുവരി 1-ാം ദിവസം എന്നർത്ഥമാകുന്നു.

15. ഏതു നിയോജക മണ്ഡലത്തിനുമുള്ള തിരഞ്ഞെടുപ്പു പട്ടിക.—ഏതൊരു നിയോജക മണ്ഡലത്തിനും, ഒരു തിരഞ്ഞെടുപ്പു പട്ടിക ഉണ്ടായിരിക്കേണ്ടതും, അത് ഈ ആക്ററിലെ വ്യവസ്ഥകൾക്കനുസൃതമായി, തിരഞ്ഞെടുപ്പു കമ്മീഷൻെറ മേലന്വേഷണത്തിനും മാർഗ്ഗനിദേശനത്തിനും നിയന്ത്രണത്തിനും കീഴിൽ തയ്യാറാക്കേണ്ടതുമാകുന്നു.

16. തിരഞ്ഞെടുപ്പു പട്ടികയിലെ രജിസ്ട്രേഷനുള്ള അയോഗ്യതകൾ.—ഒരാൾ തിരഞ്ഞെടുപ്പു പട്ടികയിലെ രജിസ്ട്രേഷന്, താൻ—

(ക) ഇൻഡ്യൻ പൗരനല്ലെങ്കിലോ; അല്ലെങ്കിൽ

(ഖ) ചിത്തഭ്രമം ഉള്ളവനും അങ്ങനെയുള്ളവനാണെന്ന് ക്ഷമതയുള്ള ഒരു കോടതിയാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നവനും ആണെങ്കിലോ ; അല്ലെങ്കിൽ

(ഗ) വോട്ട് ചെയ്യുന്നതിന്, അഴിമതി പ്രവൃത്തികളെയും തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച മററു കുററങ്ങളേയുംകുറിച്ചുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കുകീഴിൽ തൽസമയം അയോഗ്യനാക്കപ്പെട്ടിരിക്കുന്നുവെങ്കിലോ ;

അയോഗ്യനായിരിക്കുന്നതാണ്.

(2) രജിസ്ട്രേഷനുശേഷം അപ്രകാരം അയോഗ്യനായിത്തീരുന്ന ഏതെങ്കിലും ആളുടെ പേര്, അത് ഉൾപ്പെട്ടിട്ടുള്ള തിരഞ്ഞെടുപ്പു പട്ടികയിൽ നിന്ന് ഉടനടി വെട്ടിക്കളയേണ്ടതാകുന്നു:

എന്നാൽ, (1)-ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിൻകീഴിലെ ഒരു അയോഗ്യത കാരണം ഒരു നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിൽ നിന്നു വെട്ടിക്കളയപ്പെടുന്ന ഏതെങ്കിലും ആളുടെ പേര്, അങ്ങനെയുള്ള അയോഗ്യത, നീക്കം ചെയ്യുവാൻ പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ അങ്ങനെയുള്ള പട്ടിക പ്രാബല്യത്തിലുള്ള കാലത്ത്, അപ്രകാരം നീക്കം ചെയ്യപ്പെടുന്നുവെങ്കിൽ, ഉടനടി ആ പട്ടികയിൽ തിരിയെ ചേർക്കേണ്ടതാകുന്നു.

17. യാതൊരാളും ഒന്നിലധികം നിയോജകമണ്ഡലത്തിൽ രജിസ്ററർ ചെയ്യപ്പെടാൻ പാടില്ലെന്ന്.—യാതൊരാൾക്കും, ഒന്നിലധികം നിയോജക മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പു പട്ടികകളിൽ രജിസ്ററർ ചെയ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

18. യാതൊരാളും ഏതെങ്കിലും നിയോജകമണ്ഡലത്തിൽ ഒന്നിലധികം പ്രാവശ്യം രജിസ്ററർ ചെയ്യപ്പെടാൻ പാടില്ലെന്ന്.—യാതൊരാൾക്കും ഏതെങ്കിലും നിയോജകമണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പ് പട്ടികയിൽ ഒന്നിലധികം പ്രാവശ്യം രജിസ്ററർ ചെയ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

19. രജിസ്ട്രേഷനുള്ള ഉപാധികൾ.—ഈ ഭാഗത്തിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്കു വിധേയമായി—

(ക) യോഗ്യത കണക്കാക്കുന്ന തീയതി, ഇരുപത്തൊന്നു വയസ്സിൽ കുറയാതിരിക്കുകയും,

(ഖ) ഒരു നിയോജകമണ്ഡലത്തിൽ സാധാരണ താമസക്കാരനായിരിക്കുകയും,

ചെയ്യുന്ന ഏതൊരാറാക്കും, ആ നിയോജകമണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പുപട്ടികയിൽ രജിസ്ററർ ചെയ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

20. "സാധാരണ താമസക്കാരൻെറ" അർത്ഥം.—(1) ഒരു നിയോജകമണ്ഡലത്തിൽ, തനിക്ക് ഉടമപ്പെട്ടതോ കൈവശമുള്ളതോ ആയ ഒരു വാസഗൃഹം ഉണ്ടെന്നുള്ള കാരണത്തിൻമേൽ മാത്രം ഒരാറം ആ നിയോജക മണ്ഡലത്തിൽ സാധാരണ താമസക്കാരനായി കരുതപ്പെടുന്നതല്ല.

(1ക) തൻെറ സാധാരണ താമസസ്ഥലത്തുനിന്ന് താൽക്കാലികമായി സ്വയം അസന്നിഹിതനാകുന്ന ഒരാറം, ആ കാരണത്താൽ ആ സ്ഥലത്തെ സാധാരണ താമസക്കാരനല്ലാതാകുന്നതല്ല.

(1ഖ) പാർലമെൻറിലേയോ, ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിലേയോ ഒരംഗം, തൻെറ തിരഞ്ഞെടുപ്പു സമയത്ത് ഏതു നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിലാണോ താൻ സമ്മതിദായകനായി രജിസ്ററർ ചെയ്യപ്പെട്ടിരിക്കുന്നത്, ആ നിയോജകമണ്ഡലത്തിൽ, തൻെറ ഉദ്യോഗകാലാവധിക്കാലത്ത് അങ്ങനെയുള്ള അംഗമെന്ന നിലയ്ക്കുള്ള തൻെറ കർത്തവ്യങ്ങറം സംബന്ധിച്ച ആ നിയോജകമണ്ഡലത്തിൽ നിന്നുള്ള തൻെറ അസാന്നിദ്ധ്യം കാരണമായി സാധാരണ താമസക്കാരനല്ലാതാകുന്നതല്ല.

(2) മുഴുവനുമായോ മുഖ്യമായോ മാനസികരോഗമോ മാനസികവൈകല്യമോ ഉള്ള ആളുകളെ സ്വീകരിക്കുന്നതിനും ചികിൽസിക്കുന്നതിനും ആയി നിലനിറുത്തിപ്പോരുന്ന ഏതെങ്കിലും സ്ഥാപനത്തിലെ രോഗിയായിരിക്കുകയോ, അല്ലെങ്കിൽ കാരാഗൃഹത്തിലോ, ഏതെങ്കിലും സ്ഥലത്ത് മററു നിയമാനുസൃത കസ്ററഡിയിലോ തടങ്കലിൽ വയ്ക്കപ്പെട്ടിരിക്കുകയോ ചെയ്യുന്ന ഒരാറം, ആ കാരണത്താൽ, അവിടെ സാധാരണ താമസക്കാരനായി കരുതപ്പെടുന്നതല്ല.

(3) ഒരു സർവ്വീസ് യോഗ്യത ഉണ്ടായിരിക്കുന്ന ഏതെങ്കിലും ആറം, ഏത് നിയോജകമണ്ഡത്തിലാണോ ഏതെങ്കിലും തീയതി അയാറംക്ക് അങ്ങനെയുള്ള സർവ്വീസ് യോഗ്യത ഇല്ലായിരുന്നുവെങ്കിൽ സാധാരണ താമസക്കാരനാകുമായിരുന്നത്, ആ നിയോജകമണ്ഡലത്തിൽ ആ തീയതി സാധാരണ താമസക്കാരനായി കരുതപ്പെടുന്നതാകുന്നു.

(4) തിരഞ്ഞെടുപ്പു കമ്മീഷനുമായി ആലോചിച്ച് രാഷ്ട്രപതി ഈ ഉപവകുപ്പിലെ വ്യവസ്ഥകറം ബാധകമാകുന്ന ഏതെങ്കിലും ഉദ്യോഗമായി പ്രഖ്യാപിക്കുന്ന ഇൻഡ്യയിലെ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഏതെങ്കിലും ആറം ഏതു നിയോജകമണ്ഡലത്തിലാണോ ഏതെങ്കിലും തീയതി അയാറം അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നില്ലായിരുന്നെങ്കിൽ അയാറം സാധാരണ താമസക്കാരനാകുമായിരുന്നത്, ആ നിയോജകമണ്ഡലത്തിൽ ആ തീയതി സാധാരണതാമസക്കാരനായി കരുതപ്പെടുന്നതാകുന്നു.

(5) തനിക്ക് സർവ്വീസ് യോഗ്യത ഇല്ലായിരുന്നെങ്കിലോ, അല്ലെങ്കിൽ താൻ (4)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നില്ലായിരുന്നെങ്കിലോ താൻ ഏതെങ്കിലും തീയതി ഒരു വിനിർദ്ദിഷ്ട സ്ഥലത്ത് സാധാരണ താമസക്കാരനാകാമായിരുന്നു എന്ന് (3)-ാം ഉപവകുപ്പിലോ(4)-ാം ഉപവകുപ്പിലോ പരാമർശിച്ചപോലെയുള്ള ഒരാറം നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ ചെയ്യുന്നതും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ സത്യബോധപ്പെടുത്തുന്നതുമായ ഒരു പ്രസ്താവന വിപരീതമായ തെളിവിൻെറ അഭാവത്തിൽ ശരിയായ ഒന്നായി സ്വീകരിക്കപ്പെടുന്നതാകുന്നു.

(6) (3)-ാം ഉപവകുപ്പിലോ (4)-ാം ഉപവകുപ്പിലോ പരാമർശിച്ചപോലെയുള്ള ഏതെങ്കിലും ആളുടെ ഭാര്യ, സാധാരണമായി അങ്ങനെയുള്ള ആളുടെകൂടെ താമസിക്കുകയാണെങ്കിൽ (5)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിക്കപ്പെടുന്ന നിയോജകമണ്ഡലത്തിൽ സാധാരണ താമസക്കാരിയായി കരുതപ്പെടുന്നതാകുന്നു.

(7) ഏതെങ്കിലും കേസ്സിൽ ഒരാം ഏതെങ്കിലും പ്രസക്തസമയത്ത് എവിടെ ആണ് സാധാരണതാമസക്കാരനായിരിക്കുന്നത് എന്ന പ്രശ്നം ഉത്ഭവിക്കുന്നുവെങ്കിൽ ആ പ്രശ്നം കേസ്സിന്റെ എല്ലാ വസ്തുതകളും തിരഞ്ഞെടുപ്പു കമ്മീഷനും ആയി ആലോചിച്ച് കേന്ദ്രഗവൺമെന്റ് ഇതിലേയ്ക്ക് ഉണ്ടാക്കുന്ന ചട്ടങ്ങളും പരിഗണിച്ചുകൊണ്ട് തീരുമാനിക്കപ്പെടേണ്ടതാകുന്നു.

(8) (3)-ം (5)-ം ഉപവകുപ്പുകളിൽ "സർവ്വീസ് യോഗ്യത" യ്ക്ക്,—

(ക) യൂണിയനിലെ സായുധസേനകളിലെ അംഗമായിരിക്കുന്നത്, അല്ലെങ്കിൽ

(ഖ) കരസേന ആക്റ്റ് 1950 (1950-ലെ46) ലെ വ്യവസ്ഥകൾ, രൂപഭേദങ്ങളോടുകൂടിയോ കൂടാതെയോ ബാധകമാക്കിയിട്ടുള്ള ഒരു സേനയിലെ അംഗമായിരിക്കുന്നത്, അല്ലെങ്കിൽ

(ഗ) ഒരു സ്റ്റേററിലെ സായുധപോലീസ് സേനയിലെ, ആ സ്റ്റേററിന് പുറത്തു സേവനമനുഷ്ഠിക്കുന്ന, അംഗമായിരിക്കുന്നത്, അല്ലെങ്കിൽ

(ഘ) ഇൻഡ്യാ ഗവൺമെൻറിന്റെ കീഴിൽ ഇൻഡ്യയ്ക്കു വെളിയിലുള്ള ഒരു തസ്തികയിൽ നിയോജിക്കപ്പെട്ടിട്ടുള്ള ആളായിരിക്കുന്നത്,

എന്നർത്ഥമാകുന്നു.

21. തിരഞ്ഞെടുപ്പു പട്ടികകളുടെ തയ്യാറാക്കലും പുതുക്കലും.—(1) ഓരോ നിയോജകമണ്ഡലത്തിനുമുള്ള തിരഞ്ഞെടുപ്പുപട്ടിക, യോഗ്യത കണക്കാക്കുന്ന തീയതിക്ക് ഒപ്പിച്ചും നിർണ്ണയിക്കപ്പെടുന്ന രീതിയിലും തയ്യാറാക്കപ്പെടേണ്ടതും, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കനുസൃതമായി അന്തിമമായി പ്രസിദ്ധപ്പെടുത്തുന്നതിൻമേൽ ഉടൻ പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

(2) മുൻപറഞ്ഞ തിരഞ്ഞെടുപ്പു പട്ടിക—

(ക) ലിഖിതമായി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ തിരഞ്ഞെടുപ്പു കമ്മിഷൻ മററു വിധത്തിൽ നിദേശിക്കാത്ത പക്ഷം,—

(i) ലോകസഭയിലേക്കോ ഒരു സ്റ്റേററിലെ നിയമസഭയിലേക്കോ ഉള്ള ഓരോ പൊതുതിരഞ്ഞെടുപ്പിനു മുമ്പും ;

(ii) ആ നിയോജകമണ്ഡലത്തിന് തിരിച്ചുവച്ചിട്ടുള്ള ഒരു സ്ഥാനത്തിലെ ഒരു യാദൃച്ഛിക ഒഴിവ് നികത്തുന്നതിനുള്ള ഓരോ ഉപതിരഞ്ഞെടുപ്പിനു മുമ്പും,

യോഗ്യത കണക്കാക്കുന്ന തീയതിക്ക് ഒപ്പിച്ചും നിർണ്ണയിക്കപ്പെടുന്ന രീതിയിലും പുതുക്കേണ്ടതും ;

(ഖ) ഏതെങ്കിലും വർഷത്തിൽ, അതു പുതുക്കേണ്ടതാണെന്ന് തിരഞ്ഞെടുപ്പു കമ്മിഷൻ നിദേശിച്ചിട്ടുണ്ടെങ്കിൽ, യോഗ്യത കണക്കാക്കുന്ന തീയതിക്ക് ഒപ്പിച്ചും നിർണ്ണയിക്കപ്പെടുന്ന രീതിയിലും അപ്രകാരം പുതുക്കേണ്ടതും ആകുന്നു.

എന്നാൽ, മുൻപറഞ്ഞതുപോലെ തിരഞ്ഞെടുപ്പു പട്ടിക പുതുക്കുന്നില്ലെങ്കിൽ അതു ആ തിരഞ്ഞെടുപ്പു പട്ടികയുടെ സാധുതയേയോ തുടർന്നുള്ള പ്രവർത്തനത്തേയോ ബാധിക്കുന്നതല്ല.

(3) രണ്ടാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും തിരഞ്ഞെടുപ്പു കമ്മിഷന് ഏതുസമയത്തും റിക്കാർഡാക്കേണ്ട കാരണങ്ങളാൽ ഏതെങ്കിലും നിയോജകമണ്ഡലത്തിനോ ഒരു നിയോജകമണ്ഡലത്തിൻെറ ഭാഗത്തിനോ ഉള്ള തിരഞ്ഞെടുപ്പു പട്ടികയുടെ, യുക്തമെന്നു കമ്മിഷനു തോന്നുന്ന രീതിയിലുള്ള ഒരു പ്രത്യേക പുതുക്കൽ നിദേശിക്കാവുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും നിദേശം പുറപ്പെടുവിക്കുന്ന സമയത്ത് പ്രാബല്യത്തിലുള്ള തുപോലെയുള്ള ആ നിയോജകമണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പു പട്ടിക, അങ്ങനെ നിദേശിക്കപ്പെടുന്ന പ്രത്യേക പുതുക്കൽ പുറപ്പെടുവിക്കുന്നതുവരെ പ്രാബല്യത്തിൽ തുടരുന്നതും, എന്നാൽ ഇത് ഈ ആക്ററിലെ മററ് വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

22. <u>തിരഞ്ഞെടുപ്പു പട്ടികകളിലെ ഉൾക്കുറിപ്പുകൾ തിരുത്തൽ.</u>—ഒരു നിയോജകമണ്ഡലത്തിലേയ്ക്കുള്ള തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്, തനിക്ക് നല്കുന്ന അപേക്ഷയിൻമേൽ അല്ലെങ്കിൽ സ്വയമേവ, യുക്തമെന്നു തോന്നുന്ന അന്വേഷണ വിചാരണയ്ക്കുശേഷം, ആ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിലെ ഏതെങ്കിലും ഉൾക്കുറിപ്പ്—

(ക) ഏതെങ്കിലും വിവരം സംബന്ധിച്ച് പിശകായതോ ന്യൂനതയുള്ളതോ ആണെന്നോ, അല്ലെങ്കിൽ

(ഖ) ബന്ധപ്പെട്ട ആൾ, ആ നിയോജകമണ്ഡലത്തിനുള്ളിലെ തൻെറ സാധാരണ താമസസ്ഥലം മാററിയിട്ടുണ്ടെന്ന കാരണത്തിൻമേൽ പട്ടികയിലെ മറെറാരു സ്ഥലത്തേയ്ക്കു മാറേറണ്ടതാണെന്നോ, അല്ലെങ്കിൽ

(ഗ) ബന്ധപ്പെട്ട ആൾ മരിച്ചുപോയിരിക്കുന്നുവെന്നോ, അല്ലെങ്കിൽ ആ നിയോജകമണ്ഡലത്തിൽ സാധാരണ താമസക്കാരനല്ലാതായിത്തീർന്നിട്ടുണ്ടെന്നോ അല്ലെങ്കിൽ മററു വിധത്തിൽ ആ പട്ടികയിൽ രജിസ്ററർ ചെയ്യപ്പെടാൻ അവകാശമില്ലാത്തവരാണെന്നോ ഉള്ള കാരണത്തിന്മേൽ എടുത്തുകളയേണ്ടതാണെന്നോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ, തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ, തിരഞ്ഞെടുപ്പു കമ്മിഷൻ ഇതിലേക്ക് നല്കുന്ന സാമാന്യമോ പ്രത്യേകമോ ആയ നിദേശങ്ങൾ, വല്ലതുമുണ്ടെങ്കിൽ അവയ്ക്കു വിധേയമായി, ആ ഉൾക്കുറിപ്പു ഭേദഗതി ചെയ്യുകയോ, സ്ഥലം മാററുകയോ എടുത്തുകളയുകയോ ചെയ്യേണ്ടതാകുന്നു :

എന്നാൽ, (ക) ഖണ്ഡത്തിനോ (ഖ) ഖണ്ഡത്തിനോ കീഴിൽ, ഏതെങ്കിലും കാരണത്തിൻമേൽ ഏതെങ്കിലും നടപടിയോ, അല്ലെങ്കിൽ (ഗ) ഖണ്ഡത്തിൻ കീഴിൽ ബന്ധപ്പെട്ട ആൾ, ആ നിയോജകമണ്ഡലത്തിൽ സാധാരണ താമസക്കാരനല്ലാതായിട്ടുണ്ടെന്നോ ആ നിയോജകമണ്ഡലത്തിലെതിരഞ്ഞെടുപ്പുപട്ടികയിൽ രജിസ്ററർ ചെയ്യപ്പെടാൻ അയാൾ മററുവിധത്തിൽ അവകാശമില്ലാത്തവനാണെന്നോ ഉള്ള കാരണത്തിൻമേൽ ഏതെങ്കിലും നടപടിയോ, എടുക്കുന്നതിനുമുമ്പ് തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ ബന്നപ്പെട്ട ആൾക്ക്, അയാളെ സംബന്ധിച്ച് എടുക്കാൻ ഉദ്ദേശിക്കുന്ന നടപടി സംബന്ധിച്ച് അയാൾക്ക് പറയാനുള്ളതു പറയാൻ ന്യായമായ അവസരം നല്കേണ്ടതാകുന്നു.

23. <u>തിരഞ്ഞെടുപ്പു പട്ടികകളിൽ പേരുകൾ ഉൾപ്പെടുത്തൽ.</u>—(1) ഒരു നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിൽ തൻെറ പേര് ഉൾപ്പെടുത്തപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ആൾക്ക്, ആ പട്ടികയിൽ തൻെറ പേര് ഉൾപ്പെടുത്തുന്നതിന് തിരഞ്ഞെടുപ്പു രജിസ്ട്രേഷന് ഉദ്യോഗസ്ഥനോട് അപേക്ഷിക്കാവുന്നതാണ്.

(2) തിരഞ്ഞെടുപ്പുപട്ടികയിൽ രജിസ്ററർചെയ്യപ്പെടാൻ അപേക്ഷകന് അവകാശമുണ്ടെന്നു ബോദ്ധ്യപ്പെടുന്നുവെങ്കിൽ, തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ അയാളുടെ പേര് അതിൽ ഉൾപ്പെടുത്താൻ നിദേശിക്കേണ്ടതാകുന്നു :

എന്നാൽ, അപേക്ഷകൻ മററേതെങ്കിലും നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിൽ രജിസ്ററർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ, ആ മററേ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പ്‌രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് വി.വരം അറിയിക്കേണ്ടതും, ആ ഉദ്യോഗസ്ഥൻ അങ്ങനെ അറിവ് കിട്ടുന്നതോടെ, ആ പട്ടികയിൽ നിന്ന് അപേക്ഷകൻെറ പേര് വെട്ടിക്കളയേണ്ടതുമാകുന്നു.

(3) ഒരു നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിൽ ഏതെങ്കിലും ഉൾക്കുറിപ്പിൻെറ 22-ാം വകുപ്പിൻ കീഴിലെ യാതൊരു ഭേദഗതിയും, മാററവും, അല്ലെങ്കിൽ എടുത്തുകളയലും ഒരു പേരു ഉൾപ്പെടുത്താനുള്ള ഈ വകുപ്പിൻ കീഴിലെ യാതൊരു നിദേശവും, ആ നിയോജകമണ്ഡലത്തിലെയോ അല്ലെങ്കിൽ ആ നിയോജകമണ്ഡലത്തെ ഉൾക്കൊള്ളുന്ന പാർലമെൻറ് നിയോജകമണ്ഡലത്തിലേയോ ഒരു തിരഞ്ഞെടുപ്പിന് നാമനിർദ്ദേശങ്ങൾ ചെയ്യുന്നതിനുള്ള അവസാനത്തീയതിക്കുശേഷവും, ആ തിരഞ്ഞെടുപ്പു പൂർത്തിയാകുന്നതിനു മുമ്പും ചെയ്യാൻ പാടുള്ളതല്ല.

24. അപ്പീലുകൾ.—നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും രീതിയിലും—

(ക) തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻെറ 22-ാം വകുപ്പിനോ 23-ാം വകുപ്പിനോ കീഴിലെ ഏതെങ്കിലും ഉത്തരവിൽ നിന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ഒരു അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

* * * * * *

25. അപേക്ഷകൾക്കും അപ്പീലുകൾക്കും ഉള്ള ഫീസ്.—22-ാം വകുപ്പിനോ 23-ാം വകുപ്പിനോ കീഴിലെ ഏതൊരു അപേക്ഷയും 24-ാം വകുപ്പിൻ കീഴിലെ ഏതൊരു അപ്പീലും നിർണ്ണയിക്കപ്പെടുന്ന ഫീസ് സഹിതമുള്ളതായിരിക്കേണ്ടതും, അത് യാതൊരു സംഗതിവശാലും തിരിയെ കൊടുക്കുന്നതല്ലാത്തതുമാകുന്നു.

## ഭാഗം IV

## [നിയമസമിതി നിയോജകമണ്ഡലങ്ങൾക്കുള്ള തിരഞ്ഞെടുപ്പു പട്ടികകൾ]

26. [നിയമസഭാ നിയോജക മണ്ഡലങ്ങൾക്കുള്ള തിരഞ്ഞെടുപ്പു പട്ടികകളുടെ തയ്യാറാക്കൽ]. ജനപ്രാതിനിധ്യ (ഭേദഗതി) ആക്ററ്, 1956 (1956-ലെ 2) 17-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

27. നിയമ സമിതി നിയോജകമണ്ഡലങ്ങൾക്കുള്ള തിരഞ്ഞെടുപ്പു പട്ടികകൾ തയ്യാറാക്കൽ.—(1) ഈ വകുപ്പിൽ "തദ്ദേശാധികാര സ്ഥാനങ്ങളുടെ നിയോജകമണ്ഡലം", "ബിരുദധാരികളുടെ നിയോജക മണ്ഡലം", "അദ്ധ്യാപകരുടെ നിയോജകമണ്ഡലം" എന്നിവയ്ക്കു 171-ാം അനുച്ഛേദം (3)-ാം ഖണ്ഡത്തിലെ, യഥാക്രമം, (ക) ഉപഖണ്ഡത്തിനും (ഖ) ഉപഖണ്ഡത്തിനും (ഗ) ഉപഖണ്ഡത്തിനും കീഴിൽ ഒരു നിയമസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെ ആവശ്യത്തിലേക്കുള്ള നിയോജകമണ്ഡലം എന്നർത്ഥമാകുന്നു.

(2) ഒരു സ്റ്റേററിലെ നിയമ സമിതിയിലേക്കുള്ള ഏതെങ്കിലും തദ്ദേശാധികാര സ്ഥാനങ്ങളുടെ നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുപ്പുകളുടെ ആവശ്യത്തിലേക്ക്—

(ക) നിയോജകസംഘം ആ നിയോജക മണ്ഡലത്തിലെ അതിർത്തികൾക്കുള്ളിലെ ഏതെങ്കിലും സ്ഥലത്തോ പ്രദേശത്തോ അധികാരിത പ്രയോഗിക്കുന്ന നാലാം പട്ടികയിൽ ആ സ്റ്റേററ് സംബന്ധിച്ച് വിനിർദ്ദേശിച്ചിട്ടുള്ള തദ്ദേശാധികാരസ്ഥാനങ്ങളുടെ അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതും ;

(ഖ) തദ്ദേശാധികാര സ്ഥാനങ്ങളുടെ നിയോജക മണ്ഡലത്തിനുള്ളിലെ അങ്ങനെയുള്ള ഓരോ തദ്ദേശാധികാരസ്ഥാനത്തിലേയും ഏതൊരു അംഗത്തിനും, ആ നിയോജക മണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പു പട്ടികയിൽ, രജിസ്ററർ ചെയ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതും;

(ഗ ഏതൊരു തദ്ദേശാധികാര സ്ഥാനങ്ങളുടെ നിയോജക മണ്ഡലത്തിലേക്കുമുള്ള തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥനും ആ നിയോജകമണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പു പട്ടിക നാളതുവരെയ്ക്കു ശരിയാക്കി തൻെറ ആഫീസിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിലും ഫാറത്തിലും വച്ചു പോരേണ്ടതും,

(ഘ) തിരഞ്ഞെടുപ്പു പട്ടിക നാളതുവരെയ്ക്കു ശരിയാക്കി വച്ചു പോരേണ്ടതിന് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് കഴിവുണ്ടാക്കുന്നതിനു വേണ്ടി ഏതൊരു തദ്ദേശാധികാര സ്ഥാനത്തിൻേറയും മുഖ്യ നിർവ്വാഹക ഉദ്യോഗസ്ഥൻ (അങ്ങനെയുള്ള ഉദ്യോഗസ്ഥൻ എന്തു ഉദ്യോഗപേരിൽ അറിയപ്പെട്ടിരുന്നാലും) ആ തദ്ദേശാധികാരസ്ഥാനത്തിൻെറ അംഗത്വത്തിലുള്ള ഏതൊരു മാററത്തെക്കുറിച്ചും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനെ ഉടനെ അറിയിക്കേണ്ടതും; തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ ആ അറിവ് കിട്ടുന്നതിൻമേൽ തിരഞ്ഞെടുപ്പു പട്ടികയിൽ നിന്ന് ആ തദ്ദേശാധികാരസ്ഥാനത്തിലെ അംഗങ്ങളല്ലാതായിട്ടുള്ള ആളുകളുടെ പേരുകൾ വെട്ടിക്കളയുകയും, അംഗങ്ങളായി തീർന്നിട്ടുള്ള ആളുകളുടെ പേരുകൾ അതിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതും;

(ങ) 15, 16, 18, 22, 23 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ, അവ നിയമസഭാ നിയോജകമണ്ഡലങ്ങൾക്ക് ബാധകമാകുന്നതുപോലെ തദ്ദേശാധികാരസ്ഥാനങ്ങളിലെ നിയോജക മണ്ഡലങ്ങൾ സംബന്ധിച്ച് ബാധകമായിരിക്കുന്നതും,

ആകുന്നു.

(3) ഒരു സ്റ്റേററിലെ നിയമസമിതിയിലേക്കുള്ള ബിരുദധാരികളുടെ നിയോജകമണ്ഡലങ്ങളിലേയും, അദ്ധ്യാപകരുടെ നിയോജകമണ ഡലങ്ങളിലേയും തിരഞ്ഞെടുപ്പുകളുടെ ആവശ്യത്തിലേക്കു, ബന്ധപ്പെട്ട സ്റ്റേററ് ഗവൺമെൻറിന്, തിരഞ്ഞെടുപ്പു കമ്മീഷൻെറ യോജിപ്പോടുകൂടി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി—

(ക) ഇൻഡ്യാ രാജ്യക്ഷേത്രത്തിലെ ഒരു സർവ്വകലാശാലയിലെ ബിരുദധാരിയുടെ യോഗ്യതയ്ക്കു തുല്യമായി കരുതപ്പെടുന്ന യോഗ്യതകളേയും ;

(ഖ) സ്റ്റേററിനുള്ളിലെ ഒരു സെക്കൻററി സ്ക്കൂളിൻെറ നിലവാരത്തിലും താഴെയല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും,

വിനിർദ്ദേശിക്കാവുന്നതാണ്.

(4 — 15, 16, 18, 21, 22, 23 എന്നീ വകുപ്പുകളിലെ വ്യവസ്ഥകരം, നിയമസഭാനിയോജകമണ്ഡലങ്ങരംക്കു ബാധകമാകുന്നതുപോലെ ബിരുദധാരികളുടെ നിയോജകമണ്ഡലങ്ങരംക്കും, അദ്ധ്യാപകരുടെ നിയോജകമണ്ഡലങ്ങരംക്കും ബാധകമായിരിക്കുന്നതാണ്.

(5) ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകരംക്ക് വിധേയമായി—

(ക) ബിരുദധാരികളുടെ നിയോജക മണ്ഡലത്തിൽ സാധാരണ താമസക്കാരനായിരിക്കുന്നവനും, യോഗ്യത കണക്കാക്കുന്ന തീയതിക്കു മുൻപ് ചുരുങ്ങിയത് മൂന്നുവർഷമെങ്കിലും, ഇൻഡ്യാ രാജ്യക്ഷേത്രത്തിലെ ഒരു സർവ്വകലാശാലയിലെ, ബിരുദധാരിയായോ, അല്ലെങ്കിൽ ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറ് (3)-ാ ഉപവകുപ്പ് (ക) ഖണ്ഡത്തിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള യോഗ്യതകളിൽ ഏതെങ്കിലും ഉള്ളവനോ ആയിരുന്നിട്ടുള്ളവനുമായ ഏതൊരാരംക്കും, ആ നിയോജക മണ്ഡലത്തിനുള്ള തിരഞ്ഞെടുപ്പു പട്ടികയിൽ രജിസ്ററർ ചെയ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതും;

(ഖ) അദ്ധ്യാപകരുടെ നിയോജക മണ്ഡലത്തിൽ സാധാരണ താമസക്കാരനായിരിക്കുന്നവനും, യോഗ്യത കണക്കാക്കുന്ന തീയതിക്കു തൊട്ടു മുമ്പുള്ള ആറു വർഷത്തിനുള്ളിൽ ചുരുങ്ങിയത് ഒട്ടാകെ മൂന്നു വർഷമെങ്കിലും ബന്ധപ്പെട്ട സ്റേററ്ഗവൺമെൻറ് (3)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ അദ്ധ്യാപനത്തിൽ ഏർപ്പെട്ടിരുന്നവനും ആയ ഏതൊരാരംക്കും, ആ നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിൽ രജിസ്ററർ ചെയ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതും,

ആകുന്നു.

(6) (4)-ം (5)-ം ഉപവകുപ്പുകളുടെ ആവശ്യങ്ങരംക്കു യോഗ്യത കണക്കാക്കുന്ന തീയതി, തിരഞ്ഞെടുപ്പു പട്ടികയുടെ തയ്യാറാക്കലോ പുതുക്കലോ ആരംഭിക്കുന്ന വർഷത്തിലെ നവംബർ മാസം 1-ാം ദിവസം ആയിരിക്കുന്നതാണ്.

## ഭാഗം IV ക

## യൂണിയൻ രാജ്യക്ഷേത്രങ്ങളിലെ പ്രതിനിധികളാൽ പൂരിപ്പിക്കപ്പെടേണ്ട രാജ്യസഭാ സ്ഥാനങ്ങരം പൂരിപ്പിക്കേണ്ടവിധം

27 ക. <u>യൂണിയൻ രാജ്യക്ഷേത്രങ്ങരംക്ക് തിരിച്ചുവച്ചിട്ടുള്ള രാജ്യസഭാ സ്ഥാനങ്ങരം പൂരിപ്പിക്കപ്പെടുന്നതിനുള്ള നിയോജകഗണങ്ങളുടെ സംവിധാനം.</u>—(1) രാജ്യസഭയിൽ ഭരണഘടനയിലെ നാലാം പട്ടികയിലെ ഏതെങ്കിലും യൂണിയൻ രാജ്യക്ഷേത്രത്തിന് തിരിച്ചുവച്ചിട്ടുള്ള ഏതെങ്കിലും സ്ഥാനമോ സ്ഥാനങ്ങളോ പൂരിപ്പിക്കുന്ന ആവശ്യത്തിന്, അങ്ങനെയുള്ള ഓരോ രാജ്യക്ഷേത്രത്തിനും ഒരു നിയോജകഗണം ഉണ്ടായിരിക്കുന്നതാണ്.

x x x x x x

(3) ഡൽഹി യൂണിയൻ രാജ്യക്ഷേത്രത്തിനുള്ള നിയോജകഗണം ഡൽഹി അഡ്മിനിസ്ട്രേഷൻ ആക്ററ്, 1966 (1966-ലെ 19)—ൻ കീഴിൽ ആ രാജ്യക്ഷേത്രത്തിന് സംവിധാനം ചെയ്തിട്ടുള്ള മഹാനഗര സമിതിയിലെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങരം അടങ്ങിയതായിരിക്കുന്നതാണ്.

(4) അരുണാചൽ പ്രദേശ്, മിസോറാം, പാണ്ടിച്ചേരി എന്നീ യൂണിയൻ രാജ്യക്ഷേത്രങ്ങളിൽ ഓരോന്നിനുമുള്ള നിയോജകഗണം യൂണിയൻ രാജ്യക്ഷേത്ര ഗവൺമെൻറ് ആക്ററ്, 1963-ൻ കീഴിൽ, ആ രാജ്യക്ഷേത്രത്തിലേയ്ക്ക് സംവിധാനം ചെയ്തിട്ടുള്ള നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അടങ്ങിയതായിരിക്കുന്നതാണ്.

27 ഖ. [നിയോജകഗണ നിയോജകമണ്ഡലങ്ങൾ] ടെറിട്ടോറിയൽ കൗൺസിൽസ് ആക്ററ്, 1956 (1956-ലെ 103) 65-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

27 ഗ. [നിയോജകഗണ നിയോജകമണ്ഡലങ്ങളുടെ അതിർത്തിനിർണ്ണയം] മേലുപറഞ്ഞ ആക്ററ് 65-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

27 ഘ. [ഉത്തരവുകൾ മാററം ചെയ്യാനോ ഭേദഗതി ചെയ്യാനോ ഉള്ള അധികാരം] ടെറിട്ടോറിയൽ കൗൺസിൽസ് ആക്ററ്, 1956 (1956-ലെ 103) 65-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

27 ങ. [നിയോജകമണ്ഡലങ്ങളുടെ അതിർത്തിനിർണ്ണയം ചെയ്യുന്നതിനുള്ള ഉത്തരവുകളെ സംബന്ധിച്ച നടപടി] ജനപ്രാതിനിധ്യ (ഭേദഗതി) ആക്ററ് 1956 (1956-ലെ 2) 21-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

27 ച. [രാജ്യസഭാ നിയോജകമണ്ഡലങ്ങൾക്കുള്ള തിരഞ്ഞെടുപ്പു പട്ടികകൾ] മേലുപറഞ്ഞ ആക്ററ് 22-ാം വകുപ്പുമൂലം റദ്ദാക്കപ്പെട്ടു.

27 ഛ. ചില അയോഗ്യതകൾക്ക് നിയോജകഗണത്തിലെ അംഗത്വം അവസാനിക്കുന്നത്.—ഒരു നിയോജകഗണത്തിലെ അംഗമായ ഒരാൾ പാർലമെൻറിലേക്കുള്ള തിരഞ്ഞെടുപ്പുകൾ സംബന്ധിച്ചുള്ള അഴിമതിപ്രവൃത്തികളും നിയമവിരുദ്ധപ്രവൃത്തികളും മററുകുററങ്ങളും സംബന്ധിച്ച ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കുകീഴിൽ പാർലമെൻറ് അംഗത്വത്തിനുള്ള ഏതെങ്കിലും അയോഗ്യതയ്ക്ക് വിധേയനാകുന്നുവെങ്കിൽ, ആയാൾ അതോടെ, ആ നിയോജകഗണത്തിലെ അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതാണ്.

27 ജ. യൂണിയൻ രാജ്യക്ഷേത്രങ്ങൾക്ക് തിരിച്ചുവച്ചിട്ടുള്ള രാജ്യസഭാ സ്ഥാനങ്ങൾ പൂരിപ്പിക്കുന്ന രീതി.—രാജ്യസഭയിൽ, ഭരണഘടനയുടെ നാലാം പട്ടികയിലെ ഏതെങ്കിലും യൂണിയൻ രാജ്യക്ഷേത്രത്തിന് തിരിച്ചുവച്ചിട്ടുള്ള സ്ഥാനമോ സ്ഥാനങ്ങളോ ആ രാജ്യക്ഷേത്രത്തിനുള്ള നിയോജകഗണത്തിലെ അംഗങ്ങളാൽ കൈമാററം ചെയ്യാവുന്ന ഒററ വോട്ടുവഴി ആനുപാതിക പ്രാതിനിധ്യസംപ്രദായമനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ആളാലോ ആളുകളാലോ പൂരിപ്പിക്കപ്പെടേണ്ടതാകുന്നു:

എന്നാൽ, ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 1956-ൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് 'ഗ' ഭാഗം സ്റേററുകളായ മണിപ്പൂരിനും ത്രിപുരയ്ക്കും തിരിച്ചുവച്ചിട്ടുള്ള സ്ഥാനം പൂരിപ്പിക്കുന്ന ആൾ അങ്ങനെയുള്ള പ്രാരംഭം മുതൽ ത്രിപുര യൂണിയൻ രാജ്യക്ഷേത്രത്തിന് തിരിച്ചുവച്ചിട്ടുള്ള സ്ഥാനം പൂരിപ്പിക്കുന്നതിന് മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

27 ഝ. [ആജ്മീറും കൂർഗും സ്റേററുകൾക്കും മണിപ്പൂരും ത്രിപുരയും സ്റേററുകൾക്കും തിരിച്ചുവച്ചിട്ടുള്ള രാജ്യസഭയിലെ സ്ഥാനങ്ങൾ പൂരിപ്പിക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ] 1956-ലെ അഡാപ്റേറഷൻ ആഫ് ലാസ് (നമ്പർ 2) ആർഡർ വഴി റദ്ദാക്കപ്പെട്ടു.

27 ഞ. നിയോജകഗണങ്ങൾക്ക് അവയിൽ ഒഴിവുകൾ ഉണ്ടെന്നിരുന്നാലും, തിരഞ്ഞെടുക്കാനുള്ള അധികാരം.—ഒരു നിയോജകഗണത്തിലെ അംഗങ്ങളാലുള്ള ഈ ആക്ററിൻകീഴിലെ യാതൊരു തിരഞ്ഞെടുപ്പും, അങ്ങനെയുള്ള നിയോജകഗണത്തിലെ അംഗത്വത്തിൽ ഏതെങ്കിലും ഒഴിവ് ഉണ്ടെന്നുള്ള കാരണത്തിൻമേൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

27 ട. [നിയമസഭകൾ സംവിധാനം ചെയ്തിട്ടുള്ള ചില സ്ററേറുകൾക്കുള്ള നിയോജകഗണങ്ങൾ] 1956-ലെ അഡാപ്റേറഷൻ ആഫ് ലാസ് (നമ്പർ 2) ആർഡർവഴി റദ്ദാക്കപ്പെട്ടു.

## ഭാഗം V

## സാമാന്യം

28. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന്, തിരഞ്ഞെടുപ്പു കമ്മിഷനുമായി ആലോചിച്ചതിനുശേഷം, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകമായും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെപ്പറയുന്ന വിഷയങ്ങളിൽ, അതായത്,—

(ക) 20-ാം വകുപ്പ് (7)-ാം ഉപവകുപ്പിൻ കീഴിൽ സാധാരണ താമസത്തെക്കുറിച്ചുള്ള തീരുമാനം;

(കക) തിരഞ്ഞെടുപ്പുപട്ടികകളിൽ ചേർക്കേണ്ട വിവരങ്ങൾ;

(ഖ) തിരഞ്ഞെടുപ്പു പട്ടികകളുടെ പ്രാരംഭികമായ പ്രസിദ്ധപ്പെടുത്തൽ;

(ഗ) ഏതു രീതിയിലും ഏതു സമയത്തിനുള്ളിലും ആണ് തിരഞ്ഞെടുപ്പ് പട്ടികകളിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച അവകാശവാദങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കാവുന്നത് എന്നുള്ളത്;

(ഘ) അവകാശവാദങ്ങളേയോ ആക്ഷേപങ്ങളേയോകുറിച്ചുള്ള നോട്ടീസുകൾ പ്രസിദ്ധപ്പെടുത്തേണ്ട രീതി;

(ങ) അവകാശവാദങ്ങളോ ആക്ഷേപങ്ങളോ കേൾക്കുന്ന സ്ഥലവും, തീയതിയും, സമയവും, അവകാശവാദങ്ങളോ ആക്ഷേപങ്ങളോ കേൾക്കുകയും തീർപ്പാക്കുകയും ചെയ്യുന്ന രീതിയും;

(ച) തിരഞ്ഞെടുപ്പുപട്ടികകളുടെ അന്തിമമായ പ്രസിദ്ധപ്പെടുത്തൽ;

(ഛ) തിരഞ്ഞെടുപ്പു പട്ടികകളുടെ പുതുക്കലും തിരുത്തലും അതിൽ പേരുകൾ ചേർക്കലും;

(ജ) നിർണ്ണയിക്കപ്പെടേണ്ടതാണെന്ന് ഈ ആക്ററ് ആവശ്യപ്പെടുന്ന മറേറതെങ്കിലും വിഷയം,

എന്നിവ എല്ലാത്തിനുമോ, അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ

അതിൻെറ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത് ആ സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും ആ ചട്ടം രൂപഭേദപ്പെടുത്തുകയോ പ്രഭാവശൂന്യമാക്കുകയോ ചെയ്യേണ്ടതാണെന്നുള്ളതിൽ യോജിക്കുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിന് അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

29. <u>തദ്ദേശാധികാരസ്ഥാനങ്ങളുടെ സ്റ്റാഫിനെ ലഭ്യമാക്കികൊടുക്കണം എന്ന്</u>.—ഒരു സ്റ്റേററിലെ ഏതൊരു തദ്ദേശാധികാരസ്ഥാനവും, തിരഞ്ഞെടുപ്പു പട്ടികകളുടെ തയ്യാറാക്കലും പുതുക്കലും സംബന്ധിച്ച ഏതെങ്കിലും കർത്തവ്യനിർവ്വഹണത്തിന് ആവശ്യകമായ സ്റ്റാഫിനെ ഏതെങ്കിലും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് ലഭ്യമാക്കികൊടുക്കാൻ ആ സ്റ്റേററിലെ മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ അപേക്ഷിക്കുമ്പോൾ, അപ്രകാരം ചെയ്യേണ്ടതാകുന്നു.

30. <u>സിവിൽകോടതികളുടെ അധികാരിതയ്ക്കു തടസ്സം</u>.—യാതൊരു സിവിൽകോടതിക്കും—

(ക) ഏതെങ്കിലും ആൾക്ക് ഒരു നിയോജക മണ്ഡലത്തിനുള്ള തിരഞ്ഞെടുപ്പുപട്ടികയിൽ രജിസ്ററർ ചെയ്യപ്പെടാൻ അവകാശമുണ്ടോ ഇല്ലയോ എന്നുള്ള ഏതെങ്കിലും പ്രശ്നം പരിഗണനയ്ക്കു സ്വീകരിക്കാനോ അതിൻമേൽ ന്യായനിർണ്ണയം ചെയ്യാനോ, അല്ലെങ്കിൽ

(ഖ) ഒരു തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ, അല്ലെങ്കിൽ അയാളുടെ പ്രാധികാരത്തിൻകീഴിൽ എടുക്കുന്ന ഏതെങ്കിലും നടപടിയുടേയോ, അല്ലെങ്കിൽ ഈ ആക്ററിൻകീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനം അങ്ങനെയുള്ള ഏതെങ്കിലും പട്ടികയുടെ പുതുക്കലിന് നല്കുന്ന ഏതെങ്കിലും തീരുമാനത്തിൻേറയോ നിയമസാധുത ചോദ്യം ചെയ്യാനോ,

അധികാരിത ഉണ്ടായിരിക്കുന്നതല്ല.

31. <u>വ്യാജപ്രഖ്യാപനങ്ങൾ ചെയ്യുന്നത്</u>.—ഏതെങ്കിലും ആൾ,—

(ക) ഒരു തിരഞ്ഞെടുപ്പു പട്ടികയുടെ തയ്യാറാക്കലോ പുതുക്കലോ തിരുത്തലോ, അല്ലെങ്കിൽ,

(ഖ) ഏതെങ്കിലും ഉൾക്കുറിപ്പ് ഒരു തിരഞ്ഞെടുപ്പു പട്ടികയിൽ ഉൾപ്പെടുത്തുകയോ അതിൽനിന്ന് ഒഴിച്ചു നിറുത്തുകയോ,

ചെയ്യുന്നതോ സംബന്ധിച്ച്, വ്യാജമായതും വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ സത്യമാണെന്നു താൻ വിശ്വസിക്കാത്തതോ ആയതുമായ ഒരു പ്രസ്താവനയോ പ്രഖ്യാപനമോ ചെയ്യുന്നുവെങ്കിൽ അയാൾ ഒരു വർഷത്തോളമാകാവുന്ന തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

32. <u>തിരഞ്ഞെടുപ്പു പട്ടികകളുടെ തയ്യാറാക്കൽ മുതലായവ സംബന്ധിച്ച ഔദ്യോഗിക കർത്തവ്യത്തിന്റെ ലംഘനം.</u>—(1) തിരഞ്ഞെടുപ്പു പട്ടികയുടെ തയ്യാറാക്കലോ പുതുക്കലോ തിരുത്തലോ, അല്ലെങ്കിൽ ഏതെങ്കിലും ഉൾക്കുറിപ്പ് ആ പട്ടികയിൽ ഉൾപ്പെടുത്തുകയോ അതിൽനിന്ന് ഒഴിച്ചുനിറുത്തുകയോ ചെയ്യുന്നതോ സംബന്ധിച്ച് ഏതെങ്കിലും ഔദ്യോഗിക കർത്തവ്യം നിർവ്വഹിക്കാൻ ഈ ആക്ടോ അതിൻകീഴിലോ ആവശ്യപ്പെടുന്ന ഏതെങ്കിലും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോ അസിസ്റ്റന്റ് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോ, മററാളോ ന്യായമായ കാരണം കൂടാതെ അങ്ങനെയുള്ള ഔദ്യോഗിക കർത്തവ്യത്തിന്റെ ലംഘനമായ ഏതെങ്കിലും കൃത്യത്തിനോ കൃത്യവിലോപനത്തിനോ അപരാധിയാകുന്നുവെങ്കിൽ, അയാൾ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) അങ്ങനെയുള്ള ഉദ്യോഗസ്ഥനോ മററാൾക്കോ എതിരായി മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ സംബന്ധിച്ച നഷ്ടപരിഹാരത്തിന് യാതൊരു വ്യവഹാരമോ മററു നിയമനടപടിയോ നിലനില്ക്കുന്നതല്ല.

(3) യാതൊരു കോടതിയും (1)-ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ബന്ധപ്പെട്ട സ്റേററിലെ തിരഞ്ഞെടുപ്പു കമ്മീഷന്റേയോ മുഖ്യതെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റേയോ ഉത്തരവുവഴിയോ, പ്രാധികാരത്തിൻകീഴിലോ, കൊടുക്കുന്ന ഒരു പരാതി ഇല്ലാത്തപക്ഷം, നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല.

ഒന്നാം പട്ടിക

(3-ാം വകുപ്പ് നോക്കുക)

## ലോകസഭയിലേയ്ക്കുള്ള സ്ഥാനങ്ങരം വിഭജിച്ചുകൊടുക്കൽ

| സ്റേററിൻേറയോ യൂണിയൻ രാജ്യക്ഷേത്രത്തിൻെറയോ പ്രദേശത്തിൻേറയോ പേര് | 1966 നവംബർ 1-ാം തീയതിക്ക് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതു പോലെയുള്ള സഭയിലെ സ്ഥാനങ്ങളുടെ എണ്ണം. | | | പിന്നീട് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതുപോലെയുള്ള സഭയിലെ സ്ഥാനങ്ങളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | ആകെ | പട്ടികജാതിക്കാർക്ക് സംവരണം ചെയ്തിട്ടുള്ളത് | പട്ടികഗോത്രവർഗ്ഗക്കാർക്ക് സംവരണം ചെയ്തിട്ടുള്ളത് | ആകെ | പട്ടികജാതിക്കാർക്ക് സംവരണം ചെയ്തിട്ടുള്ളത് | പട്ടികഗോത്രവർഗ്ഗക്കാർക്ക് സംവരണം ചെയ്തിട്ടുള്ളത് |
| (1) | (2) | (3) | (4) | (5) | (6) | (7) |
| **I. സ്റേററുകരം:** | | | | | | |
| 1. ആന്ധ്രാപ്രദേശ് | 43 | 6 | 2 | 41 | 6 | 2 |
| 2. ആസ്സാം | 12 | 1 | 2 | 14 | 1 | 2 |
| 3. ബീഹാർ | 53 | 7 | 5 | 53 | 7 | 5 |
| 4. ഗുജറാത്ത് | 22 | 1 | 2 | 24 | 2 | 3 |
| 5. ഹരിയാന | 8 | 2 | | 9 | 2 | .. |
| 6. ജമ്മു-കാശ്മീർ | 6 | .. | .. | 6 | .. | .. |
| 7. കേരളം | 18 | 2 | .. | 19 | 2 | .. |
| 8. മദ്ധ്യപ്രദേശ് | 36 | 5 | 7 | 37 | 5 | 6 |
| 9. തമിഴ്നാട് | 41 | 7 | .. | 39 | 7 | .. |
| 10. മഹാരാഷ്ട്ര | 44 | 6 | 2 | 45 | 3 | 3 |
| 11. കർണ്ണാടകം | 26 | 3 | .. | 27 | 4 | .. |
| 12. നാഗാലാൻഡ് | 1 | .. | .. | 1 | .. | .. |
| 13. ഒറീസ്സാ | 20 | 4 | 4 | 20 | 3 | 5 |
| 14. പഞ്ചാബ് | 13 | 3 | .. | 13 | 3 | .. |

| | (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|---|
| 15. | രാജസ്ഥാൻ | 22 | 3 | 2 | 23 | 4 | 3 |
| 16. | ഉത്തർപ്രദേശ് | 86 | 18 | .. | 85 | 18 | .. |
| 17. | പശ്ചിമബംഗാൾ | 36 | 6 | 2 | 40 | 8 | 2 |
| 18. | ഹിമാചൽപ്രദേശ് | .. | .. | .. | 4 | 1 | .. |
| 19. | മണിപ്പൂർ | .. | .. | .. | .. | 2 | 1 |
| 20. | മേഘാലയ | .. | .. | .. | .. | 2 | 2 |
| 21. | ത്രിപുര | .. | .. | .. | .. | 2 | 1 |
| | II. യൂണിയൻ രാജ്യക്ഷേത്രങ്ങൾ: | | | | | | |
| 1. | അന്തമാനും നിക്കോബറും ദ്വീപുകൾ | 1 | .. | .. | 1 | .. | .. |
| 2. | ചണ്ഡിഗഢ് | .. | .. | .. | 1 | .. | .. |
| 3. | ദദ്രയും നാഗർ ഹവേലിയും | 1 | .. | .. | 1 | .. | 1 |
| 4. | ഡൽഹി | 5 | 1 | .. | 7 | 1 | .. |
| 5. | ഗോവാ, ദാമൻ, ദിയു | 2 | .. | .. | 2 | .. | .. |
| 6. | ................. | .. | .. | .. | .. | .. | .. |
| 7. | ലക്ഷദ്വീപ് | 1 | .. | .. | 1 | .. | 1 |
| 8. | മണിപ്പൂർ | 2 | .. | 1 | 2 | .. | 1 |
| 9. | പാണ്ടിച്ചേരി | 1 | .. | .. | 1 | .. | .. |
| 10. | ത്രിപുര | 2 | .. | 1 | 2 | .. | 1 |
| 11. | മിസോറം | 1 | .. | .. | 1 | .. | 1 |
| 12. | അരുണാചൽ | 1 | .. | .. | 1 | .. | 1 |
| | III. പ്രദേശം: | | | | | | |
| | വടക്കുകിഴക്കേ അതിർത്തിട്രാക്ട് | 1 | .. | .. | 1 | .. | .. |
| | ആകെ | 508 | 76 | 31 | 521 | 77 | 41 |

രണ്ടാം പട്ടിക

(7-ാം വകുപ്പു നോക്കുക)

## നിയമസഭകളിലുള്ള ആകെ സ്ഥാനങ്ങൾ

| സ്റേററിന്റെ യൂണിയൻ രാജ്യക്ഷേത്രത്തിന്റെ പേര് | 1966 നവംബർ 1-ാം തീയതിക്ക് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതുപോലുള്ള നിയമസഭയിലെ സ്ഥാനങ്ങളുടെ എണ്ണം | | | പിന്നീടു സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതുപോലെയുള്ള നിയമസഭയിലെ സ്ഥാനങ്ങളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | ആകെ | പട്ടികജാതിക്കാർക്ക് സംവരണം ചെയ്തിട്ടുള്ളത് | പട്ടികഗോത്രവർഗ്ഗക്കാർക്ക് സംവരണം ചെയ്തിട്ടുള്ളത് | ആകെ | പട്ടികജാതിക്കാർക്ക് സംവരണം ചെയ്തിട്ടുള്ളത് | പട്ടികഗോത്രവർഗ്ഗക്കാർക്ക് സംവരണം ചെയ്തിട്ടുള്ളത് |
| (1) | (2) | (3) | (4) | (5) | (6) | (7) |
| I. സ്റേററുകൾ | | | | | | |
| 1. ആന്ധ്രാപ്രദേശ് | 300 | 43 | 11 | 287 | 40 | 11 |
| 2. ആസ്സാം | 105 | 5 | 23 | 114 | 8 | 10 |
| 3. ബീഹാർ | 318 | 40 | 32 | 318 | 45 | 29 |
| 4. ഗുജറാത്ത് | 154 | 11 | 21 | 168 | 11 | 22 |
| 5. ഹരിയാന | 54 | 10 | .. | 81 | 15 | .. |
| 6. കേരളം | 133 | 11 | 2 | 133 | 11 | 2 |
| 7. മദ്ധ്യപ്രദേശ് | 288 | 43 | 54 | 296 | 39 | 61 |
| 8. തമിഴ്നാട് | 206 | 37 | 1 | 234 | 42 | 2 |

| | (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|---|
| 9. | മഹാരാഷ്ട്ര | 264 | 33 | 14 | 270 | 15 | 16 |
| 10. | കർണ്ണാടക | 208 | 28 | 1 | 216 | 29 | 2 |
| 11. | നാഗാലാൻഡ് | 46 | .. | .. | 52 | .. | .. |
| 12. | ഒറീസ്സാ | 140 | 25 | 29 | 140 | 22 | 34 |
| 13. | പഞ്ചാബ് | 87 | 20 | .. | 104 | 23 | .. |
| 14. | രാജസ്ഥാൻ | 176 | 28 | 20 | 184 | 31 | 21 |
| 15. | ഉത്തർപ്രദേശ് | 430 | 89 | .. | 425 | 89 | .. |
| 16. | പശ്ചിമബംഗാൾ | 252 | 45 | 15 | 280 | 56 | 17 |
| 17. | ഹിമാചൽ പ്രദേശ് | .. | .. | .. | 68 | 16 | 3 |
| 18. | മണിപ്പൂർ | .. | .. | .. | 60 | 1 | 19 |
| 19. | ത്രിപുര | .. | .. | .. | 60 | 9 | 19 |
| 20. | മേഘാലയ | .. | .. | .. | 60 | .. | 50 |
| II. | യൂണിയൻ രാജ്യക്ഷേത്രങ്ങൾ :— | | | | | | |
| 1. | ഗോവ, ദാമൻ, ദിയു | 30 | .. | .. | 30 | .. | .. |
| 2. | ................ | .. | .. | .. | .. | .. | |
| 3. | മിസോറാ | 30 | .. | .. | 30 | .. | |
| 4. | പാണ്ടിച്ചേരി | 30 | 5 | .. | 30 | 5 | |

മൂന്നാം പട്ടിക

(10-ാം വകുപ്പ് നോക്കുക)

## നിയമസമിതികളിലെ സ്ഥാനങ്ങൾ വിഭജിച്ചുകൊടുക്കൽ

| സ്റേററിന്റെ പേര് | ആകെ സ്ഥാനങ്ങൾ | 171 (3)-ാം അനുച്ഛേദത്തിൻകീഴിൽ തിരഞ്ഞെടുക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യേണ്ട എണ്ണം | | | | |
|---|---|---|---|---|---|---|
| | | ഉപഖണ്ഡം (ക) | ഉപഖണ്ഡം (ഖ) | ഉപഖണ്ഡം (ഗ) | ഉപഖണ്ഡം (ഘ) | ഉപഖണ്ഡം (ങ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1. ആന്ധ്രാപ്രദേശ് | 90 | 31 | 8 | 8 | 31 | 12 |
| 2. ബീഹാർ | 96 | 34 | 8 | 8 | 34 | 12 |
| 3. മദ്ധ്യപ്രദേശ് | 90 | 31 | .. | 8 | 31 | 12 |
| 4. തമിഴ്നാട് | 63 | 21 | .. | 6 | 21 | 9 |
| 5. മഹാരാഷ്ട്ര | 78 | 22 | 7 | 7 | 30 | 12 |
| 6. കർണ്ണാടക | 63 | 21 | 6 | 6 | 21 | 9 |
| 7. ........ | | | | | | |
| 8. ഉത്തർപ്രദേശ് | 108 | 39 | 9 | 9 | 39 | 12 |

നാലാം പട്ടിക

[27 (2)-ാം വകുപ്പ് നോക്കുക]

## നിയമസമിതികളിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെ ആവശ്യങ്ങൾക്കുള്ള തദ്ദേശാധികാര സ്ഥാനങ്ങൾ

### ആന്ധ്രാപ്രദേശ്

1. മുനിസിപ്പാലിററികൾ
2. ജില്ലാപരിഷത്തുകൾ
3. കൻേറാൺമെൻറ് ബോർഡുകൾ
4. ..........
5. പഞ്ചായത്ത് സമിതികൾ

### ബീഹാർ

1. മുനിസിപ്പാലിററികൾ
2. ജില്ലാ ബോർഡുകൾ
3. കൻേറാൺമെൻറ് ബോർഡുകൾ
4. വിജ്ഞാപിത പ്രദേശക്കമ്മിററികൾ
5. ജില്ലാപരിഷത്തുകൾ
6. പഞ്ചായത്ത് സമിതികൾ

### മദ്ധ്യപ്രദേശ്

1. മുനിസിപ്പാലീററികൾ
2. ജനപദസഭകൾ
3. മണ്ഡലം പഞ്ചായത്തുകൾ
4. കൻേറാൺമെൻറ് ബോർഡുകൾ
5. വിജ്ഞാപിത പ്രദേശക്കമ്മിററികൾ
6. ടൗൺപ്രദേശക്കമ്മിററികൾ

### തമിഴ്നാട്

1. മുനിസിപ്പാലിററികൾ
2. പഞ്ചായത്ത് യൂണിയൻ കൗൺസിലുകൾ
3. കൻേറാൺമെൻറ് ബോർഡുകൾ
4. തമിഴ്നാട് പഞ്ചായത്തുകൾ ആക്ററ്,/1958 (1958-ലെ 35-ാമത് തമിഴ്നാട് ആക്ററ്) ൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ടൗൺ പഞ്ചായത്തുകൾ, അതായത് അയ്യായിരത്തിൽ കുറയാതെ ഉണ്ടെന്ന്

മതിക്കപ്പെട്ടിട്ടുള്ള ജനസംഖ്യയുള്ളതും പതിനായിരം രൂപയിൽ കുറയാതെ ഉണ്ടെന്നു മതിക്കപ്പെട്ടിട്ടുള്ള വാർഷികവരുമാനമുള്ളതും ആയ പഞ്ചായത്തുകൾ.

### മഹാരാഷ്ട്ര

1. മുനിസിപ്പാലിററികൾ
2. കൻേറാൺമെൻറ് ബോർഡുകൾ
3. ടൗൺകമ്മിററികൾ
4. ജില്ലാപരിഷത്തുകൾ

### കർണ്ണാടക

1. മുനിസിപ്പാലിററികൾ
2. താലൂക്ക് വികസന ബോർഡുകൾ
3. കൻേറാൺമെൻറ് ബോർഡുകൾ
4. വിജ്ഞാപിത പ്രദേശക്കമ്മിററികൾ
5. ടൗൺ പഞ്ചായത്തുകൾ

### ഉത്തർപ്രദേശ്

1. മുനിസിപ്പാലിററികൾ
2. അന്തരി, ജില്ലാപരിഷത്തുകൾ ഉൾപ്പെടെയുള്ള ജില്ലാപരിഷത്തുകൾ
3. കൻേറാൺമെൻറ് ബോർഡുകൾ
4. ടൗൺപ്രാദേശികക്കമ്മിററികൾ
5. വിജ്ഞാപിത പ്രദേശക്കമ്മിററികൾ
6 ക്ഷേത്രസമിതികൾ

[അഞ്ചാം പട്ടിക] യൂണിയൻ രാജ്യക്ഷേത്രങ്ങളുടെ ഗവൺമെൻറ് ആക്ററ്, 1963 (1963-ലെ 20) 57-ാം വകുപ്പും II-ാം പട്ടികയും വഴി റദ്ദാക്കപ്പെട്ടു.

[ആറാം പട്ടിക] ജനപ്രാതിനിധ്യ (ഭേദഗതി) ആക്ററ്, 1956 (1956-ലെ 2) 27-ാം വകുപ്പുവഴി റദ്ദാക്കപ്പെട്ടു.

[ഏഴാം പട്ടിക] മേല്പറഞ്ഞ ആക്ററിലെ 27-ാം വകുപ്പുവഴി റദ്ദാക്കപ്പെട്ടു.

---